സംഗീതകൗതുകം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

മുമ്പൊരു കാലഘട്ടത്തിലും പ്രദർശിപ്പിച്ചിട്ടില്ലാത്തത്ര താല്പര്യം കേരളത്തിലെ ബഹുജനങ്ങൾ ഇന്ന് സംഗീതത്തിൽ–പ്രത്യേകിച്ച് ശാസ്ത്രീയ സംഗീതത്തിൽ പ്രകടമാക്കുന്നുണ്ട്. ഇതു വായിക്കുമ്പോൾ ഒരുപക്ഷേ നിങ്ങൾ നെററിചുളിക്കുന്നുണ്ടാകാം. ഇത്ര ഉറപ്പായി ഇക്കാര്യം പറയുന്നത് അഹന്തകൊണ്ടോ അല്പജ്ഞാനംകൊണ്ടോ അല്ല. കലാസമിതികളുടെ വാർഷികങ്ങളിലും അമ്പലങ്ങളിലെ ഉത്സവങ്ങളിലായാലുമെല്ലാം ഗാനമേളയോ, സംഗീതക്കച്ചേരിയോ ഇന്ന് അവിഭാജ്യ അംശമായിട്ടുണ്ട്. സംഗീതാഭ്യാസം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. സംഗീതവിദ്യാലയങ്ങളും കോളേജുകളും സർക്കാരും സ്വകാര്യസ്ഥാപനങ്ങളും സ്ഥാപിച്ചിരിക്കുന്നു. ഇതൊക്കെ ആവശ്യത്തിന്റെ, താല്പര്യത്തിന്റെ, തെളിവുകളല്ലേ? മുമ്പ് സംഗീതം അഭ്യസിക്കണമെങ്കിൽ, അതിൽ അംഗീകാരം നേടണമെങ്കിൽ, അന്യനാടുകളിലേക്കു പോകേണ്ടതാവശ്യമായിരുന്നു. ഇന്ന് അതൊക്കെമാറിക്കഴിഞ്ഞു

കേരളത്തിലെ സംഗീതം എല്ലാക്കാലത്തും കർണ്ണാടകസംഗീതത്തിന്റെ അംശംതന്നെയായിരുന്നു. ഇന്നും അങ്ങിനെതന്നെ. കേരളത്തിനു തികച്ചും ഭിന്നമായ ഒരു സംഗീതമുണ്ടെന്നും, കർണ്ണാടകസംഗീതത്തിൽനിന്ന് ഒററപ്പെട്ട് അത് പരിലസിച്ചിരുന്നു എന്നൊക്കെ അഭിപ്രായം രേഖപ്പെടുത്തുന്നവരുണ്ട്. അവരുടെ ആത്മാർത്ഥതയെ ബഹുമാനിക്കുന്നു. ദേശസ്നേഹത്തെ ആദരിക്കുന്നു. പക്ഷേ അവരുടെ വിശ്വാസത്തിനു പിൻബലമരുളുന്നത് വികാരമാണ്; വസ്തുനിഷ്ഠമായ ചരിത്രവസ്തുതകളല്ല.

ഭാഷയുടെ കഥതന്നെ എടുക്കുക. ദ്രാവിഡഗോത്രത്തിൽപ്പെട്ട തമിഴും മലയാളവും പ്രാരംഭകാലത്ത്, തമ്മിൽ തരംതിരിച്ചുനിർത്താനാവാത്തമട്ടിൽ, കഴിഞ്ഞിരുന്നതായി ഭാഷാചരിത്രകാരന്മാർ വ്യക്തമാക്കുന്നുണ്ട്. അക്കാലത്തെ ചില കൃതികളെങ്കിലും, ഇന്ന് രണ്ടു ഭാഷക്കാരും ഉടമസ്ഥാവകാശം പ്രഖ്യാപിക്കുന്നവയാണ്. ഭാഷകളുടെ ഉല്പത്തിക്ക് എത്രയോ മുമ്പ് സംഗീതത്തിന്റെ ഉത്ഭവം ഉണ്ടായിക്കാണും. പക്ഷേ ഭാഷയ്ക്കു സംഭവിച്ച രീതിയിൽ ശാഖതിരിയലും തുടർന്ന് സ്വതന്ത്രമായ വികാസപരിണാമവും സംഗീതത്തിൽ സംഭവിച്ചില്ല. ഇത് ഇവിടെ മാത്രമല്ല. കർണ്ണാടകത്തിലും, ആന്ധ്രപ്രദേശത്തും സംഭവിച്ചിട്ടുണ്ട്. ഭാഷകൾ ഭിന്നങ്ങളായിത്തീർന്നെങ്കിലും സംഗീതം ഒന്നായിത്തന്നെ ഈ ദേശങ്ങളിലെല്ലാം നിലനിന്നു; വളർന്നു. ചില ദേശ്യസ്വഭാവവും ശൈലിയുമൊക്കെ അത് സ്വീകരിച്ചതേയുള്ളു. ശരീരത്തിനു സിദ്ധിച്ച പട്ടുകുപ്പായങ്ങൾപോലെ, അത് ആളിന്റെ അഴകു വർദ്ധിപ്പിക്കുന്നതുപോലെ, ഈ ദേശ്യസ്വഭാവവും ശൈലിയുമൊക്കെ തദ്ദേശീയർക്ക് സന്തോഷം വർദ്ധമാനതോതിൽ പ്രദാനംചെയ്തു. ദേശ്യരൂപങ്ങളായ നാടൻപാട്ടുകളും മററും ചൈതന്യവും ശക്തിയും ആർജ്ജിച്ചത് സ്ഥായിയായി സ്ഥിതിചെയ്തിരുന്ന സംഗീതത്തെ ആശ്രയിച്ചുതന്നെ. കൂടുതൽ പരീക്ഷണങ്ങളും സ്വാതന്ത്ര്യങ്ങളുമെടുത്ത് കുറെയേറെ പ്രാദേശികവ്യക്തിത്വം കാണിക്കുവാനും പ്രയത്നിച്ചിട്ടുണ്ട്. കഥകളിയിലെ സംഗീതവും പാണന്മാരുടെയും പുള്ളവന്മാരുടെയും പാട്ടുമൊക്കെ ഇങ്ങനെ വ്യക്തിത്വം കണ്ടെത്തിയതായിരിക്കാം.

ചരിത്രപരമായി മറെറാരു യാഥാർത്ഥ്യവും ഇവിടെ വിസ്മരിച്ചുകൂടാ. ശാസ്ത്രീയസംഗീതം സ്വാഭാവികമായും സമൂഹത്തിലെ താരതമ്യേന കൂടുതൽ സമ്പന്നമായ ഒരു വിഭാഗത്തിന്റെ ലാളനയിൽമാത്രമേ വളരാനും നിലനില്ക്കാനും സാധിച്ചിട്ടുള്ളു. അത്

അങ്ങനെയാകാനേ തരമുള്ളു താനും. ലോകത്തിൻെറ ഏതു ഭാഗത്തുള്ള സംഗീതത്തിൻെറ കാര്യത്തിലും ഇതു ശരിയാണു്. അച്ചടക്കത്തിനും ക്രമത്തിനും പ്രാധാന്യവും പ്രാമാണ്യവും നല്കുന്ന, സാങ്കേതിക സജ്ജീകരണങ്ങളാൽ നിബദ്ധമായ ഒരു സംഗീതം, ജീവിതത്തിൽ ധാരാളം ഇളവേളകൾ ഉള്ള ഒരു വിഭാഗത്തിനേ പ്രോത്സാഹിപ്പിക്കാനും ആസ്വദിക്കാനും അവസരംകിട്ടൂ. അത്തരക്കാരാണു് സമൂഹത്തിലെ മേലേക്കിടയിലുള്ളവരിൽ കണ്ടെത്തുന്നതു്. അങ്ങിനെ ചരിത്രപരമായ കാരണങ്ങളാൽ, ശാസ്ത്രീയസംഗീതവും ശാസ്ത്രീയാടിസ്ഥാനമുള്ള മററു കലകളും സമ്പന്നവർഗ്ഗത്തിൻെറ ജീവിതവുമായി ഒട്ടിനില്ക്കുവാനിടയായി.

എന്നാൽ ഈവിധത്തിലുള്ള ഇളവേളകളോ സമ്പത്തോ സൗകര്യങ്ങളോ ഇല്ലാത്ത കൂട്ടരിൽ കുടികൊണ്ടിരുന്ന കലാഭിരുചി, മുരടിച്ചുപോകാൻ ഇടവരാതെ, അതു് നാടൻ കലാരൂപങ്ങളായി പ്രകാശിക്കുകയുണ്ടായി. തങ്ങളുടെ പരിമിതികൾ അംഗീകരിച്ചുകൊണ്ടുതന്നെ സംഗീതത്തിലുള്ള സ്വാഭാവികമായ താല്പര്യത്തെ പോഷിപ്പിക്കുവാൻ, താളലയങ്ങൾക്കും ഭാവരസങ്ങൾക്കും പ്രത്യക്ഷമായ പ്രാഭവമുള്ള നാടൻ കലാരൂപങ്ങളും സംഗീതവും അവർ സ്വീകരിച്ചു. സാധാരണജനങ്ങൾക്കു് നാടൻ പാട്ടുകളും, സമ്പന്നക്കു് ശാസ്ത്രീയസംഗീതവും കൂടുതൽ സ്വീകാര്യമായി തോന്നിയതു് ഈ ചരിത്രപരമായ സാഹചര്യംകൊണ്ടാണു്. രണ്ടു സമാന്തരങ്ങളായ കാര്യങ്ങളായി അവ എന്നും നിലനിന്നിരുന്നു.

ആധുനിക ശാസ്ത്രത്തിൻെറയും, സാങ്കേതിക സൗകര്യങ്ങളുടെയും വളർച്ച, സാധാരണക്കാർക്കും ശാസ്ത്രീയസംഗീതത്തെ പ്രയാസംകൂടാതെ ലഭ്യമാക്കുന്നതിനു് സൗകര്യമുണ്ടാക്കി. റേഡിയോയിലൂടെ സാമാന്യജനങ്ങളുടെ വീടുകളിൽ, ശാസ്ത്രീയസംഗീതസുധ പ്രസരിക്കുവാൻ പ്രയാസമില്ലാതായി. പക്ഷേ ലളിതഗാനത്തിൻെറ രൂപത്തിലും സിനിമാപ്പാട്ടിൻെറ മട്ടിലും ബഹുജനസംഗീതം ഇന്നും നിലനില്ക്കുന്നു—രണ്ടു സമാന്തര സംഗീതങ്ങളായിത്തന്നെ!

സിനിമാപ്പാട്ടും ലളിതഗാനങ്ങളും സ്വാഗതം ചെയ്യുന്നവർ, ശാസ്ത്രീയസംഗീതത്തിൻെറ ശത്രുക്കളാണെന്നു് കരുതുന്നതു് മൂഢത്വമാണു്. ഭാവരസങ്ങൾക്കു് കൂടുതൽ പ്രാമാണ്യം കൊടുത്തു്, സാങ്കേതിക വശങ്ങൾ കാര്യമാക്കാതെ, സംഗീതം ആസ്വദിക്കുന്ന സഹൃദയരെന്നു് അവരെ വിശേഷിപ്പിക്കാം. അവരിൽ സംഗീതകൗതുകം തളിരിട്ടുനില്ക്കുന്നു. കൂടുതൽ ഉദാത്തമായ ശാസ്ത്രീയസംഗീതത്തിലേക്കു പോകാൻ അവരുടെ വഴിതുറന്നു കൊടുക്കേണ്ടതുണ്ടു്. എന്നും സിനിമാപ്പാട്ടുകൊണ്ടു് സംതൃപ്തരായി അവർ നില്ക്കുകയില്ല കുറെക്കൂടി ''ഘന'' മുള്ള സംഗീതം വേണമെന്ന അഭിനിവേശം അവരിൽ സ്വാഭാവികമായി ജന്യമാകും. ഒരു ഘട്ടത്തിൽ അവിടംവിട്ടു് ശാസ്ത്രീയ മേഖലയിലേക്കു് അവർ കടന്നുപോകുകയും ചെയ്യും. ഒരു ആസ്വാദകൻ, ലളിതഗാനത്തിൽ നിന്നും, സിനിമാപ്പാട്ടിൽ നിന്നും പുരോഗമിക്കുന്നതു് ശാസ്ത്രീയ സംഗീതത്തിലേക്കല്ലാതെ, മറെറാന്നിലേക്കല്ല! സിനിമാശാലയിൽ തുടങ്ങിയ തീർത്ഥയാത്ര, പര്യവസാനിക്കുന്നതു് സംഗീതസഭയിലായിരിക്കും!

സാധാരണക്കാരുടെ കഥപോലെതന്നെയാണു് പിന്നണിഗായകരുടെ കാര്യവും. പ്രഗത്ഭരും പ്രശസ്തരുമായ പല സിനിമ, പിന്നണി ഗായകരും, അതിൽ പ്രവേശിച്ചതു് ലളിതഗാനത്തിലും സിനിമാപ്പാട്ടിലുമുള്ള കടുത്ത കമ്പംകൊണ്ടുതന്നെ. പക്ഷേ കാലം കഴിയുന്തോറും, പ്രതീക്ഷിച്ച ആത്മസംതൃപ്തി സിദ്ധിക്കുന്നില്ല എന്ന ഒരു ബോധം അവർക്കു് ഉണ്ടാകാറുണ്ടു്. ശാസ്ത്രീയസംഗീതം അഭ്യസിക്കാനും അതിലൂടെ ആനന്ദത്തിൻെറ നൂതനമേഖലകളിലേക്കു വ്യാപിക്കാനും അവർ സന്നദ്ധരാകും. ഇതാണു് അവരെ സംബന്ധിച്ചിടത്തോളം വളർച്ചയുടെ തെളിവു്! ഇത്രയും പ്രകടമായ തോതിലല്ലെങ്കിലു, ഇതുതന്നെയാണു് സാധാരണക്കാരായ സംഗീതപ്രേമികളുടെയും സ്ഥിതിയും.

Journal
AIRPORT AA Group
4th Anniversary 82